DESPATCHED
On 15/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2262*(7)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.15268/*എസ്.ഐ.സി-ജി 6/15*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.എൻ പരമേശ്വര പണിക്കർ
ഇടമന നടുവിലേ വീട്
മരുത്തോർവട്ടം പി.ഒ
ചേർത്തല** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സീനിയർ സൂപ്രണ്ട്
സബ് കളക്ടറുടെ കാര്യാലയം ആന്റ്
റവന്യൂ ഡിവിഷണൽ ഓഫീസ്
ആലപ്പുഴ**

2. **അപ്പീൽ അധികാരി ആന്റ് സബ് കളക്ടർ
സബ് കളക്ടറുടെ കാര്യാലയം ആന്റ്
റവന്യൂ ഡിവിഷണൽ ഓഫീസ്
ആലപ്പുഴ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.07.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.08.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 31.08.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.09.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.09.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.10.2015,08.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29.10.2015,26.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം :<br>അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | <br>ഹാജരായില്ല<br>ഹാജരായിരുന്നു |



res

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 15.06.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആലപ്പുഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയിൽ ഹർജിക്കാരൻ വാദിയായ എം.സി 31/2010 (എഫ്–4266/2014–ാം) നമ്പർ കേസിൽ തെളിവെടുപ്പുമായി ബന്ധപ്പെട്ട് എതിർകക്ഷി ഹാജരാക്കിയിട്ടുള്ള തെളിവുകൾ സംബന്ധിച്ച രേഖകളുടെ ശരിപകർപ്പ് നൽകണമെന്നാണ് ആവശ്യപ്പെട്ടത്

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.07.2015 തീയതി മറുപടി നൽകുകയും, ആയതിൽ തൃപ്തിയില്ലെന്ന് കാണിച്ച് 04.08.2015 ന് അപ്പീൽ നൽകുകയും 31.08.2015 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു.

4. 29.10.2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി പരാതിക്കടിസ്ഥാനം വഴിപ്രശ്നം സംബന്ധിച്ചുള്ളതാണെന്നും ടി വഴി പൊതുവഴിയോ പുറമ്പോക്കോ അല്ല എന്ന് കോടതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22.08.2015 വിചാരണയിൽ തള്ളി തീർപ്പാക്കിയതാണെന്നും, സ്വകാര്യ വഴി സംബന്ധമായ വിഷയത്തിൽ പരിഹാരം കാണുവാൻ കോടതിക്ക് നിർവ്വാഹമില്ലെന്ന് വിചാരണവേളയിൽ അപേക്ഷകനെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും, ഹർജിക്കാരൻ വിവരാവകാശനിയമപ്രകാരം വിചാരണ വേളയിൽ ഹാജരാക്കിയ തെളിവുകളുടെ പകർപ്പ് ആവശ്യപ്പെട്ടപ്പോൾ നിയമാനുസൃതമായ ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്ന് കാണിച്ച് മറുപടി നൽകിയിട്ടുള്ളതാണെന്നും, ടി വഴി പ്രശ്നവുമായി ബന്ധപ്പെട്ട് അപേക്ഷകൻ സെഷൻസ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും മേൽ വഴി പ്രശ്നവുമായി ബന്ധപ്പെട്ട ഫയൽ (എഫ്–4266/2014–ാം) ടി കോടതി ആവശ്യപ്പെട്ട പ്രകാരം അയച്ചു കൊടുത്തിട്ടുള്ളതാണെന്നും 25.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ ടി ഫയൽ ആലപ്പുഴ സെഷൻസ് കോടതിയിൽ നടപടിയിലിരിക്കുന്നതാണെന്നു ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാലാണ് രേഖകൾ നൽകാത്തതെന്ന എസ്.പി.ഐ.ഒ യുടെ മൊഴി വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തിയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

RIGHT TO INFORMATION



res